**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5091 15.11.2019 ലെ മറുപടിക്ക്**

**<u>ആർ. സി. ഇ. പി. കരാർ കാർഷിക മേഖലയിൽ</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി. ജോർജ് | ശ്രീ.വി.എസ് സുനിൽകുമാർ<br>കൃഷി വകുപ്പ് മന്ത്രി |
| (എ) ആർ. സി. ഇ. പി. കരാർ കാർഷിക മേഖലയെ ഏതൊക്കെ രീതിയിൽ ആണ് ദോഷകരമായി ബാധിക്കുന്നത്; വിശദമാക്കാമോ; | (എ) ഒരുവിധ നിയന്ത്രണവും നികുതിയുമില്ലാതെ ഈ കരാറിലെ പങ്കാളിത്ത രാജ്യങ്ങളിൽ നിന്ന് ഇന്ത്യയിലേയ്ക്ക് ഉൽപ്പന്നങ്ങളും സേവനങ്ങളും ഒഴുകി വന്നാൽ നമ്മുടെ കാർഷിക, ചെറുകിട വ്യവസായ, ക്ഷീര, മത്സ്യബന്ധന, ആരോഗ്യ, തോട്ടം മേഖലകൾ വലിയ തകർച്ചയെ നേരിടേണ്ടി വരും. ഭയാനകമായ തൊഴിൽ നഷ്ടവും സാമ്പത്തികവും സാമൂഹികവുമായ പ്രതിസന്ധിയും ആയിരിക്കും ഈ കരാറിന്റെ ഫലം.<br>ആർ.സി.ഇ.പി യുടെ ഭാഗമായി വരുന്ന അനിയന്ത്രിതമായ കാർഷികോൽപ്പന്ന ഇറക്കുമതി ആഭ്യന്തര കാർഷിക മേഖലയ്ക്ക് വെല്ലുവിളിയാകുമെന്ന് ഉറപ്പാണ്. കർഷകർ കടുത്ത മൽസരത്തെയും വൻ വില തകർച്ചയേയും നേരിടേണ്ടി വരും.<br>ന്യൂസിലാന്റ്, ഓസ്ട്രേലിയ എന്നീ വലിയ ക്ഷീരോൽപ്പാദക രാജ്യങ്ങൾ പങ്കാളികളാകുന്ന കരാർ ക്ഷീര മേഖലയിൽ വലിയ പ്രത്യാഘാതം സൃഷ്ടിക്കും. അനിയന്ത്രിതമായ പാൽ, പാൽ ഉൽപ്പന്ന ഇറക്കുമതി ക്ഷീര മേഖലയിൽ ഗുരുതരമായ പ്രതിസന്ധി ഉണ്ടാക്കും.<br>ലോകത്തിൽ ഏറ്റവും ഉയർന്ന വ്യാവസായിക വളർച്ച നേടിയ രാജ്യമാണ് ചൈന. കൂടുതൽ ചൈനീസ് ഉൽപ്പന്നങ്ങൾ |

| | |
|---|---|
| | ഒരു നിയന്ത്രണവും ഇല്ലാതെ ഈ കരാറിന്റെ ആനുകൂല്യത്തിൽ ഇന്ത്യയിൽ എത്തുമ്പോൾ ഇന്ത്യൻ വ്യവസായ മേഖല, പ്രത്യേകിച്ച് ചെറുകിട വ്യവസായങ്ങൾ തകർച്ചയിലാകും.<br>കരാറിന്റെ ഭാഗമാകുന്ന ജപ്പാൻ ആവശ്യപ്പെട്ടിരിക്കുന്ന നിർദ്ദേശങ്ങൾ നടപ്പാക്കിയാൽ ഇന്ത്യയിൽ മരുന്ന് ഉൽപ്പാദന മേഖലയിലും വിത്തുൽപ്പാദന രംഗത്തും അവശ്യ സാധനമേഖലയിലും അനിയന്ത്രിത വിലക്കയറ്റം ഉണ്ടാകും.<br>ആസിയാൻ രാജ്യങ്ങളും ചൈനയും ജപ്പാനും ഇന്ത്യയുടെ മത്സ്യബന്ധന മേഖലയിൽ വമ്പൻ നിക്ഷേപങ്ങൾ നടത്തുന്ന സാഹചര്യം ഉണ്ടായാൽ അവരുടെ സമുദ്രോൽപ്പന്നങ്ങൾ ഇന്ത്യൻ കമ്പോളത്തിൽ ഒരു നിയന്ത്രണവും ഇറക്കുമതി ചുങ്കവും ഇല്ലാതെ യഥേഷ്ടം തള്ളുന്നതിന് ഇടയാക്കും. |
| (ബി) ആർ.സി .ഇ. പി. കരാർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുള്ള ആശങ്കകൾ ദുരീകരിക്കുവാൻ സർവ്വകക്ഷി സംഘത്തെ അയച്ച് കേന്ദ്രസർക്കാരുമായി ചർച്ച നടത്തുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) 2016-ൽ തന്നെ ആർ.സി.ഇ.പി കരാർ സംബന്ധിച്ച ആശങ്കകൾ ഈ മന്ത്രിസഭ ചർച്ച ചെയ്യുകയും കരാർ സംബന്ധിച്ച കാര്യങ്ങൾ സംസ്ഥാന സർക്കാരുമായി ചർച്ച ചെയ്യണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. കൂടാതെ, കാർഷിക, കാർഷിക അനുബന്ധ, ക്ഷീര, വ്യവസായ, മത്സ്യബന്ധന, ചെറുകിട വ്യവസായ, ആരോഗ്യ മേഖലകളിൽ സ്വതന്ത്ര വ്യാപാര കരാർ ദോഷകരമായി ബാധിക്കുമെന്നതിനാൽ അപ്രകാരമുള്ള കരാറിൽ ഏർപ്പെടുന്നതിന് മുൻപ് സംസ്ഥാനങ്ങളുടെ ആശങ്കകൾ പരിഹരിക്കണമെന്നും ചർച്ചകളുടെ വിശദാംശങ്ങൾ സംസ്ഥാനത്തെ അറിയിക്കണമെന്നും ചർച്ചകളിൽ സംസ്ഥാനത്തിന്റെ പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തണമെന്നുമാവശ്യപ്പെട്ട് നിരവധി കത്തുകൾ നേരിട്ടും അല്ലാതെയും കേന്ദ്രസർക്കാരിന് നൽകിയിരുന്നു. 30.10.2019 ൽ കേരള നിയമസഭ ആർ.സി.ഇ.പി കരാർ |

| | |
|---|---|
| | സംബന്ധിച്ച് ചർച്ച ചെയ്യുകയും കേന്ദ്രസർക്കാർ ഈ കരാറിൽ നിന്നും പിൻവാങ്ങണമെന്ന പ്രമേയം ഏകകണ്ഠമായി പാസ്സാക്കുകയും കേന്ദ്രസർക്കാരിന് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. |

**ഡെപ്യൂട്ടി സെക്രട്ടറി**